# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം

## ഹോർട്ടികൾച്ചർ കോളേജ്,വെള്ളാനിക്കര

**Email: cohagmet@kau.in&kauagmet@yahoo.co.in**

**പരീക്ഷണാടിസ്ഥാന ബ്ലോക്ക് തല കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ**

## ഒല്ലൂക്കര ബ്ലോക്ക്, തൃശ്ശൂർ ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

എ.എ.എസ് 44/2018(87), വെള്ളിയാഴ്ച — തീയ്യതി 02.11.2018

**പ്രളയ ബാധിത മേഖലകളിൽ ഈ ബുള്ളറ്റിനിലെ കാർഷിക നിർദ്ദേശങ്ങൾ പ്രായോഗികമല്ല.**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 33.3 മുതൽ 34.3 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 21.3 മുതൽ 24.1 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 66 മുതൽ 95 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 26 മുതൽ 58 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.9 മുതൽ 4.4 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 5.7 മുതൽ 9.7 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 2.4 മുതൽ 4.3 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 03.11.2018 | 04.11.2018 | 05.11.2018 | 06.11.2018 | 07.11.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 5.8 | 7 | 7 | 0 | 3 |
| ഉയർന്ന താപനില (°C) | 33.8 | 33.8 | 33 | 34 | 35 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 25 |
| മേഘവ്യാപ്തി (ഒക്ട) | 6 | 6 | 6 | 6 | 6 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത(%) | 56 | 60 | 53 | 49 | 47 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 6 | 6 | 6 | 6 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 90 | 90 | 90 | 90 | 90 |

**ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ പ്രവചനമനുസരിച്ച് ഒല്ലൂക്കര ബ്ലോക്കിൽ വരും ആദ്യ മൂന്നു ദിവസങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത.**

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| നെല്ല് | ഞാറുപരുവം | ഓലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ | നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ചിലോണിസ് കാർഡും തണ്ടുതുരപ്പനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ജപ്പോനിക്കം കാർഡും ഉപയോഗിക്കുക. ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് വീതം, ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് പ്ലാസ്റ്റിക്ക് കപ്പുകളിൽ കുത്തി വെക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| വാഴ, പച്ചക്കറികൾ | - | ഇലത്തീനിപ്പുഴു | ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ക്വിനാൽഫോസ് 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| ജാതി | - | ഇല കൊഴിച്ചിൽ | ജാതിയിലെ ഇല കൊഴിച്ചിൽ നിയന്ത്രിക്കുന്നതിനായി 2 ഗ്രാം കൊസൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. കൂടാതെ ഒരു വലിയ മരത്തിന് 20 ഗ്രാം ബോറാക്സ് എന്ന തോതിൽ ജാതിയുടെ ചുവട്ടിൽ ഇട്ടു കൊടുക്കുക. |